പരിക്കുകൾക്കും അടിയന്തര ചികിത്സയ്ക്ക് പര്യാപ്തമായ മരുന്നുകളും അനുബന്ധ സാമഗ്രികളും അടങ്ങുന്ന പ്രാഥമിക ശുശ്രൂഷാപ്പെട്ടി എന്നീ സൗകര്യങ്ങൾ, തൊഴിലാളികൾക്കൊപ്പം പ്രവൃത്തിസ്ഥലത്ത് വരുന്ന 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം അഞ്ചോ അതിൽ കൂടുതലോ ആയിരിക്കുന്ന സംഗതിയിൽ, സ്ത്രീതൊഴിലാളികളിലൊരാളെ അത്തരം കുട്ടികളെ പരിചരിക്കുന്നതിന് നിയോഗിക്കുന്നതിനുള്ള വ്യവസ്ഥ, തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നയാൾക്ക് പ്രവൃത്തി ചെയ്യുന്ന വേളയിലോ, പ്രവൃത്തിമൂലമോ ഉണ്ടാകുന്ന അപകടങ്ങളാൽ പരിക്കുപറ്റുകയാണെങ്കിൽ, അയാൾക്ക് ആവശ്യമായിവരുന്ന വൈദ്യചികിത്സ സൗജന്യമായി നൽകുന്നു, പരിക്കുപറ്റിയ തൊഴിലാളിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവരുമ്പോൾ, താമസം, ചികിത്സ, മരുന്നുകൾ, വേതനനിരക്കിന്റെ പകുതിയിൽ കുറയാത്ത ദിനബത്ത എന്നിവയുൾപ്പെടെയുള്ള ആശുപത്രി ചികിത്സ നൽകുന്നു, തൊഴിലിൽ ഏർപ്പെടുന്ന ആൾക്ക് പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോഴോ, പ്രവൃത്തിമൂലമോ, ഉണ്ടാകുന്ന അപകടങ്ങളിൽനിന്ന് മരണമോ, സ്ഥിരമായ വൈകല്യമോ സംഭവിക്കുമ്പോൾ അയാൾക്കോ നിയമപ്രകാരമുള്ള അനന്തരാവകാശികൾക്കോ, ആം ആദ്മി ബീമായോജനയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അവകാശങ്ങൾ അനുസരിച്ചുള്ളതോ ആയ എക്സ്-ഗ്രേഷ്യ ലഭിക്കുന്നതിനും തൊഴിൽ ചെയ്യുന്ന ഒരു വ്യക്തിയോടൊപ്പം വരുന്ന ഒരു കുട്ടിക്ക് അപകടംമൂലം പരിക്ക് സംഭവിക്കുകയാണെങ്കിൽ, ആ കുട്ടിക്ക് സൗജന്യ വൈദ്യ ചികിത്സയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതും പ്രസ്തുത അപകടംമൂലം കുട്ടിക്ക് മരണമോ വൈകല്യമോ സംഭവിക്കുകയാണെങ്കിൽ, കുട്ടിയുടെ നിയമപരമായ രക്ഷിതാക്കൾക്ക് എക്സ്-ഗ്രേഷ്യ ലഭിക്കുന്നതാണ്.

കേന്ദ്ര പദ്ധതികൾ

13 (*583) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എളമരം കരീം :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പദ്ധതികൾ വഴിയുള്ള സഹായങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനം എത്രത്തോളം വിജയിച്ചിട്ടുണ്ട്; വിശദമാക്കുമോ :

(ബി) പദ്ധതികളുടെ നിർവ്വഹണ രംഗത്തെ വീഴ്ചകൾ പരിശോധിക്കപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുവദിക്കപ്പെട്ട എത്രയെണ്ണം യഥാസമയം പൂർത്തിയാക്കുകയുണ്ടായിട്ടുണ്ട് ; പദ്ധതികളിൽ നിന്നും ഉദ്ദേശിച്ച പ്രയോജനം ലഭിച്ചിട്ടുണ്ടോ ; ഇക്കാര്യങ്ങൾ വിലയിരുത്തി വിശദമാക്കാമോ ;

(ഡി) ലഭ്യമായ ഫണ്ട് യഥാസമയം ചെലവഴിക്കാതെ ലാപ്സായിപ്പോയിട്ടുള്ളത് സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) കേന്ദ്ര പദ്ധതികളിൽ സഹായം ലഭിക്കുന്നതിൽ നാളിതുവരെ തടസ്സമൊന്നും ഉണ്ടായിട്ടില്ല. കേന്ദ്രാവിഷ്കൃതപദ്ധതികൾ പുനഃക്രമീകരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ നിലപാട് മുഖ്യമന്ത്രിമാരുടെ ഉപസമിതിയുടെ പരിഗണനയിലാണ്.

(ബി) പരിശോധിക്കപ്പെട്ടിട്ടുണ്ട്.

(സി) ഓരോ വർഷവും അനുവദിച്ച കേന്ദ്ര പദ്ധതികളിൽ 2011-12 മുതൽ 2014-15 വരെ അനുവദിക്കപ്പെട്ട 450 പദ്ധതികളിൽ 217 പദ്ധതികൾ യഥാസമയം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റുള്ളവ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എം.ജി.എൻ. ആർ.ഇ.ജി.എസ്. പദ്ധതിയിൽ സംസ്ഥാനം ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു.

വർഷം	ചെലവഴിച്ച തുക
2012-13	1419 കോടി രൂപ
2013-14	1311 കോടി രൂപ
2014-15	1616 കോടി രൂപ

പി.എം.ജി.എസ്. വൈ. പദ്ധതി നിർവ്വഹണത്തിൽ 2014-15 വരെ 1430 റോഡുകൾക്കായി 3348 കി.മീ. അനുവദിച്ചതിൽ 2134 കി.മീ. പൂർത്തീകരിച്ച് 927 റോഡുകൾ നിർമ്മിച്ചു. പദ്ധതികളിൽനിന്നും ഉദ്ദേശിച്ച പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) ലഭ്യമായ ഫണ്ട് യഥാസമയം ചെലവഴിക്കാതെ ലാപ്സായിട്ടില്ല. 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 വരെ 4,078 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ 6,001 കോടി രൂപ (മുൻവർഷങ്ങളിലെ തുടർ കേന്ദ്ര പദ്ധതികൾ ഉൾപ്പടെ) ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly